നം.കെ.എസ്.എ.പി.റ്റി.എ./പി11/673/17 തീയതി:15.06.2017

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 22.11.2016 മുതൽ 23.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.05.2017മുതൽ 31.05.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി.സജിതാദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സക്കറിയ വർഗ്ഗീസ് | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി.ജെസ്സി സാമുവൽ | 01.04.2016മുതൽ 19.04.2016വരെ |
| | ശ്രീമതി.ശ്രീലേഖ.ആർ, | 19.04.2016-26.08.2016 വരെ |
| | ശ്രീമതി.സീമ.കെ | 26.08.2016-09.09.2016 വരെ |
| | ശ്രീമതി.അജുദേവ്.വി | 09.09.2016-28.09.2016 വരെ |
| | ശ്രീ.അനിൽകുമാർ.ജി | 28.09.2016-08.12.2016 വരെ |
| | ശ്രീ.രാജേഷ് കുമാർ.പി.ജെ | 08.12.2016-31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

- ഓഡിറ്റ് സർട്ടിഫിക്കറ്റ്
- ബാലൻസ് ഷീറ്റ് - 2016-17
- ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
- റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | ഇ.സി.എച്ച്.എസ്- പോളി ക്ലിനിക്കിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നില്ല | 2-1 |
| 12 | ഫാമിലി ദന്തൽ കെയർ - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-2 |
| 13 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല | 2-3 |

| | | |
|---|---|---|
| 14 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 2-4 |
| | ഭാഗം-3 | |
| 15 | പ്രോജക്ട് ചെലവുകൾക്കായി പിൻവലിച്ച 1.78 ലക്ഷം രൂപ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 3-1 |
| 16 | പാലിയേറ്റീവ് കെയർ പ്രോജക്ട് -വാഹന ചെലവ് ഇനത്തിൽ പിൻവലിച്ച തുക എച്ച്.എം.സി അക്കൗണ്ടിൽ ഒടുക്കിയില്ല | 3-2 |
| 17 | പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 18 | മൂല്യവർദ്ധിത നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമായത് 18899 രൂപ | 3-4 |
| 19 | മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല | 3-5 |
| 20 | ഒ.ഡി.എഫ്. പ്രോഗ്രാം - പ്രത്യേക ഘടക പദ്ധതി ഫണ്ട് - ചെലവിനത്തിന് പകരമുള്ള സർക്കാർ ഫണ്ട്- എസ്.സി.പി മേഖലയിൽ ചെലവഴിച്ചത് | 3-6 |
| 21 | ബിൽ പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ | 3-7 |
| 22 | തെരുവ് വിളക്കുകളുടെ പരിപാലനം - പ്രതിവർഷം 7.75 ലക്ഷം രൂപ ചെലവ് | 3-8 |
| 23 | പഞ്ചായത്ത് മുഖേനയുള്ള ടാർ വാങ്ങൽ സംബന്ധിച്ച് | 3-9 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-10 |
| 25 | സേവന നികുതിയിനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്നത് 1.04 ലക്ഷം രൂപ | 3-11 |
| | ഭാഗം - 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 30` | ഓഡിറ്റ് റിക്കവറി | 4-5 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 02.03.2016<br>തീരുമാനം നമ്പർ (I) | 01.03.2017 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 4090527 | 4090527 | 0 | 0 |
| വരവ് | 50884639 | 31137433 | 19747206 | 38.8 |
| ആകെ | 54975166 | 35227960 | 19747206 | 35.9 |
| ചെലവ് | 49369465 | 29673552 | 19695913 | 39.9 |
| നീക്കിയിരിപ്പ് | 5605701 | 5554408 | 51293 | 1 |

2016-17 വർഷത്തെ ബജറ്റ് 19.02.2016 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 02.03.2016 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. യഥാർത്ഥ വരവ് ബജറ്റിലെ പ്രതീക്ഷിത വരവിൽ നിന്നും കുറവാണ്. ബജറ്റ് പ്രതീക്ഷിത ചെലവും യഥാർത്ഥ ചെലവും തമ്മിലും ഈ വ്യത്യാസം പ്രകടമാണ്. യഥാർത്ഥ ചെലവ് ബജറ്റ് പ്രതീക്ഷിത ചെലവിനേക്കാൾ കുറവാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2017 | 08.05.2017 |

## 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ താഴെപ്പറയുന്നത് ഒഴികെ മറ്റ് അപാകതകളില്ല.

ബി11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ വിവരം കൃത്യമല്ല. 2011ന മുൻപ് ആർജ്ജിച്ച ആസ്തികൾ ബി11 ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4090527 |

| | |
|---|---|
| വരവ് | 31137433 |
| ആകെ | 35227960 |
| ചെലവ് | 29673552 |
| നീക്കിയിരിപ്പ് | 5554408 |

## 1-5 വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 3334604 | 3334604 | 3046001 | 288603 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3392502 | 3392502 | 3355502 | 37000 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 1869635 | 1869635 | 867160 | 1002475 |
| ലോക ബാങ്ക് സഹായം | | 20979330 | 20979330 | 6480365 | 14498965 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 3263919 | 3263919 | 2222828 | 1041091 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 2554755 | 2554755 | 2534580 | 20175 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല. നീക്കിയിരിപ്പായി കാണിച്ച തുകകൾ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 2017-18 വർഷം സ്പെഷ്യൽ അലോട്ട്മെന്റ് ആയി അനുവദിക്കുന്നതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (ബഹുവർഷപ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 93 | 44971728 | 71 | 19791941 | 20 | 2 |

തനത് ഫണ്ട് വളരെക്കുറവായ ഗ്രാമപഞ്ചായത്തിന് പിന്നോക്ക പഞ്ചായത്ത് എന്ന പരിഗണന നൽകി തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായി ലോകബാങ്ക് ധനസഹായമായി 2 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 6480365 രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് ബഹുവർഷ പ്രോജക്ടുകൾ സ്പിൽ ഓവർ ആയി നടപ്പിലാക്കി വരികയാണ്.

നടപ്പാക്കാത്തവ-ലഭ്യമല്ലാത്ത ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കുന്നു

ലഭ്യമല്ലാത്ത കേന്ദ്ര,സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ഉൾപ്പെടുത്തി അറവുശാല നിർമ്മാണം, പൈക്ക സെന്റർ എന്നിവക്കായി പദ്ധതികൾ തയ്യാറാക്കിയത് കാരണം ആകെ ചെലവ് ശതമാനം കുറയുന്നു.

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|
| ഉല്പാദനം | 7305100 | 1147430 | 15.70 |
| സേവനം | 17183785 | 11848726 | 68.95 |
| പശ്ചാത്തലം | 20482843 | 6795785 | 33.17 |

പ്രോജക്ടുകൾ ബഹുവർഷമായി തുടരുന്നതിനാൽ പശ്ചാത്തലമേഖലയിൽ ചെലവ് ശതമാനം കുറഞ്ഞു.

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1806972 | 2371333 | (+)31.23 |
| നികുതിയേതര വരവുകൾ | 280256 | 1044949 | (-)273 |
| ആകെ | 2087228 | 3360694 | (+)61 |

വസ്തു നികുതിയിനത്തിൽ ഡിമാന്റ് തുകയുടെ 96% പിരിച്ചെടുത്തിട്ടുണ്ട്. പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ സർക്കാർ ഇളവ് അനുവദിച്ചത് (660 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്നും ഒഴിവാക്കുകയും, 2000 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തത്) പഞ്ചായത്തിന്റെ നികുതി വരവ് കുറയുന്നതിന് കാരണമായി. മുൻവർഷത്തെ അപേക്ഷിച്ച് തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായത് ശ്ലാഘനീയം തന്നെയാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 100 | 978160 |
| വിധവാ പെൻഷൻ | 307 | 2907080 |
| വാർദ്ധക്യകാല പെൻഷൻ | 805 | 11317175 |
| വികലാംഗ പെൻഷൻ | 82 | 898235 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 16 | 149260 |
| തൊഴിൽ രഹിത വേതനം | 34 | 54960 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.05.2017-ൽ 03.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3369/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.03.2017-07.03.2017 | 12/16,01/17 | 12.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2013-24.09.2013 | 2008-09മുതൽ 2012-13വരെ | 28.10.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ.സി.എച്ച്.എസ്- പോളി ക്ലിനിക്കിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 -ാം വകുപ്പ് പ്രകാരം ശമ്പളത്തിനോ, വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും ഒരു അർദ്ധവർഷക്കാലം നിശ്ചിത കാലയളവിൽ ഒരു പഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുകയും 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ നിയമാനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 01.11.2010 മുതൽ പ്രവർത്തിച്ചുവരുന്ന ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിലെ ഉദ്യോഗസ്ഥർ നാളിതുവരെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2011-12 മുതൽ പഞ്ചായത്തും പോളിക്ലിനിക്ക് അധികൃതരും തമ്മിൽ കത്തിടപാടുകൾ നടക്കുന്നുണ്ടെങ്കിലും പോളിക്ലിനിക്കിലെ ഉദ്യോഗസ്ഥർ തൊഴിൽ നികുതി ഒടുക്കേണ്ടതില്ല എന്ന നിലപാടാണ് സ്ഥാപന മേലധികാരികൾ സ്വീകരിച്ചിട്ടുള്ളത്.

2014-15 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷം വരെ 3,01193/- രൂപ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. 2015-16 സാമ്പത്തിക വർഷം മുതൽ സ്ഥാപനം തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 2 (ഡി) പ്രകാരം കേന്ദ്രസർക്കാർ ഓഫീസിന്റെ മേലധികാരിയും തൊഴിലുടമ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ ശമ്പളത്തിനോ വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിന് സ്ഥാപന മേലധികാരികൾ വിസമ്മതിക്കുന്നപക്ഷം വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, നിയമ നടപടികളിലൂടെ തുക ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 ഫാമിലി ദന്തൽ കെയർ' ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയും, യഥാസമയം ലൈസൻസ് പുതുക്കാതെയും നടത്തുന്ന അനധികൃത വ്യാപാരങ്ങൾക്കും, വ്യവസായങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത പുലർത്തുന്നു. ഗ്രാമപഞ്ചായത്തിലെ 8 ആം വാർഡിൽ പ്രവർത്തിക്കുന്ന ഫാമിലി ദന്തൽ കെയർ എന്ന സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഡോക്ടർമാർ ഉൾപ്പെടെ 5 ജീവനക്കാരുണ്ട്. 09.12.2016 ൽ മാത്രമാണ് ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് സ്ഥാപനത്തിന് കത്ത് നൽകിയിരിക്കുന്നത്. ഇതേ തുടർന്ന് ലൈസൻസ് എടുക്കുന്നതിന് സ്ഥാപനം സമർപ്പിച്ച അപേക്ഷയോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.12.2016 ലെ 47724/ഡി.സി1/17 നമ്പർ സർക്കുലർ പ്രകാരം സമർപ്പിക്കേണ്ട മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ സ്ഥാപനം ഇപ്പോഴും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഇക്കാരണത്താൽ ലൈസൻസ് ഫീസിനത്തിലും, ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസോടുകൂടിയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും, പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം യഥാസമയം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം മുതൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുകകൾ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ (പി) 3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500 രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം 21 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

2015-16 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-4 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) അനുച്ഛേദം 56(ബി) പ്രകാരം മൂന്ന് വർഷത്തിന്മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ സ്ഥാപനത്തിന്റെ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. എന്നാൽ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കരാറുകാർ ഹാജരാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദീർഘകാലമായി തനത് ഫണ്ടിൽ മുതൽ കൂട്ടാതെ സൂക്ഷിച്ചുവരുന്നു.

| ക്രമ നം | ഡെപ്പോസിറ്റ് തീയതി | ഇനം | തുക |
|---|---|---|---|
| 1 | 15.10.2011 | ഇ.എം.ഡി | 550 |
| 2 | 15.10.2011 | ഇ.എം.ഡി | 550 |
| 3 | 10.11.2011 | ഇ.എം.ഡി | 500 |
| 4 | 10.10.2011 | എഫ്.ഡി | 2200 |
| 5 | 15.10.2011 | ഇ.എം.ഡി | 2500 |

മേൽ കാണിച്ചിട്ടുള്ള സ്ഥിരനിക്ഷേപങ്ങളുടെ പലിശ നഷ്ടം ഒഴിവാക്കുന്നതിന് നിക്ഷേപങ്ങൾ കാലവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതുക്കി നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ബന്ധപ്പെട്ട കരാറുകാർ നിശ്ചിത സമയ പരിധിക്കുള്ളിൽ റീഫണ്ട് ചെയ്ത് വാങ്ങാതിരുന്ന സ്ഥിരനിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽകൂട്ടുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ട് ചെലവുകൾക്കായി പിൻവലിച്ച 1.78 ലക്ഷം രൂപ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസനം, ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ എന്നീ പ്രോജക്ടുകൾക്കായി പിൻവലിച്ച തുകകൾ കൃഷി ഓഫീസറുടെ പേരിൽ ട്രഷറിയിൽ ആരംഭിച്ച പലിശ രഹിത സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | സമഗ്ര നെൽകൃഷി വികസനം | ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ<br>100/17 |
|---|---|---|

| | | |
|---|---|---|
| | 47/17 | |
| അടങ്കൽ | 114800 | 75000 |
| ചെലവ് തുക | 103465 | 75000 |
| ട്രഷറി ബിൽ പ്രകാരം പിൻവലിച്ചതിന്റെ വിശദാംശം | 87000/- (2/17 തീയതി 27/02/17 ) 16465/- (3/17 തീയതി 28/3/17) | 4/17 തീയതി 28/03/17 |
| ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിവരം | 87000- 27/02/17 16465- 28/03/17 | 29/3/17 |

വാർഷിക കണക്കിലും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള രേഖകളിലും പ്രോജക്ടുകൾക്കായി തുകകൾ ചെലവഴിച്ചതായാണ് കാണുന്നത്. എന്നാൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെ പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 27/01/17ലെ 6/2017/ഫിൻ നമ്പർ സർക്കുലർ പ്രകാരം ഡയറക്ട് ഫണ്ട് ട്രാൻസ്ഫറിന് ബുദ്ധിമുട്ടുണ്ടാകുന്ന സംഗതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗുണഭോക്താക്കൾക്ക് ട്രഷറി ചെക്കുകൾ നൽകുന്നതിനുവേണ്ടി മാത്രമാണ് ഇത്തരത്തിൽ അക്കൗണ്ട് ആരംഭിക്കാൻ അനുമതി നൽകിയത്. ഈ അക്കൗണ്ടിലേക്കാണ് ബിൽ പ്രകാരമുള്ള തുകകൾ നിക്ഷേപിച്ചത്. പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ കാലതാമസമാണ് ഇപ്രകാരം വികസനഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാൻ ഇടയാക്കിയത്. സ്പിൽ ഓവർ പ്രോജക്ട് ആയി നടപ്പിലാക്കുന്നതിനു പകരം ചെലവ് കാണിക്കുന്നതിനായി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയാണ് ചെയ്തത്. ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചതിനും പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ കാലതാമസത്തിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/17 തീയതി 26.5.2017) മറുപടി നൽകിയിട്ടില്ല. ആയത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പാലിയേറ്റീവ് കെയർ പ്രോജക്ട്- വാഹനച്ചെലവ് ഇനത്തിൽ പിൻവലിച്ച തുക എച്ച്.എം.സി അക്കൗണ്ടിൽ ഒടുക്കിയില്ല

സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പാലീയേറ്റീവ് കെയർ (സ്നേഹ സാന്ത്വനം) പ്രോജക്ട് പ്രകാരം (50/17) വകയിരുത്തിയ 600000/ രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് നൽകിയ വാഹനമാണ് ഹോം കെയറിനായി ഉപയോഗിക്കുന്നത്. പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്ക് നൽകിയ ദിവസ വേതന തുക, ഇന്ധനച്ചെലവ് എന്നിവ കണക്കാക്കി ആ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചപ്പോൾ ഓഗസ്റ്റ് മാസത്തിലെ വാഹനച്ചെലവ് നൽകുന്നതിനായി പിൻവലിച്ച 14400/രൂപ (28900/-, ബിൽ നം/തീയതി- 2/17- 17/10/16) എച്ച്.എം.സി ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്ന് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 10/17 തീയതി 30.5.2017) തുടർന്ന് തുക അക്കൗണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിനായി എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് നൽകുന്ന തുകയ്ക്ക് എച്ച്.എം.സിയുടെ രസീത് നൽകേണ്ടതും പ്രസ്തുത രസീതി പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ചെലവ് രേഖകൾക്കൊപ്പം വൗച്ചർ നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്. വാഹന ഉപയോഗം സംബന്ധിച്ച എല്ലാ രേഖകളും വരവ് ചെലവ് കണക്കുകളും പി.എം.സി യോഗത്തിൽ മെഡിക്കൽ ഓഫീസർ അവതരിപ്പിക്കേണ്ടതും വരവ് ചെലവ് കണക്കിന് പി.എം.സി അംഗീകാരം വാങ്ങേണ്ടതുമാണ്.

## 3-3 പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

## ധനസഹായം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി 125000/രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും (51/17) ഗ്രാമസഭ തെരഞ്ഞെടുത്ത 5 പേർക്ക് 25000/- രൂപ വീതം (125000 രൂപ, ബിൽ നം. 13/17 തീയതി 17.2.2017) ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) ആനുകൂല്യം ലഭിച്ച അഞ്ജലി രാജൻ, മലപ്പുറത്ത് കുറ്റിയിൽ എന്ന വിദ്യാർത്ഥിനി ട്രിനിറ്റി അക്കാദമി ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്വകാര്യ സ്ഥാപനത്തിൽ ഒരു വർഷത്തെ ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിന് പഠിക്കുകയാണ്. കോഴ്സ് കാലയളവ് സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടില്ല. സർക്കാർ അംഗീകാരമുള്ള കോഴ്സ് ആണെന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ധനസഹായം ലഭിച്ച ശ്രീരാജ് സി.എസ്, ചെന്നേലിൽ തെക്കേചരുവിൽ എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്നത് ഉറപ്പാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപറഞ്ഞ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 മൂല്യ വർദ്ധിത നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമായത് 18899രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ സാംസ്കാരിക നിലയം ഫർണ്ണിഷിംഗ് എന്ന പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും എയർപോർട്ട് ചെയറുകൾ വാങ്ങിയതിൽ മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. 2005-ലെ കേരള മൂല്യ വർദ്ധിത നികുതി ചട്ട പ്രകാരം വിൽപ്പനക്കാരൻ 8ബി ഫോറത്തിലാണ് സാധനങ്ങൾ വാങ്ങുന്നവർക്ക് ബില്ല് നൽകേണ്ടത്. നിശ്ചിത ഫോറത്തിലുള്ള ബില്ലിൽ ടിൻ നമ്പറും വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ നമ്പരും ഉണ്ടായിരിക്കണം. എന്നാൽ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്താത്ത ബില്ലിൽ ടിൻ നമ്പരിന്റെ സ്ഥാനത്ത് 9 എന്ന അക്കം 15 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല ബിൽ നമ്പർ ചേർക്കാതെ ഇൻവോയ്സ് നമ്പർ/തീയതി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരമുള്ള ബില്ലാണ് മൂല്യ വർദ്ധിത നികുതി ഈടാക്കി വിൽപ്പനക്കാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ഉപകരണങ്ങളുടെ വില | വാറ്റ് | ആകെ തുക | സ്ഥാപനം ഹാജരാക്കിയ ബില്ലിന്റെ വിശദാംശം |
|---|---|---|---|---|
| സാംസ്കാരിക നിലയം ഫർണ്ണിഷിംഗ്, 93/17<br>അടങ്കൽ- 147684 (വികസന ഫണ്ട്)<br>ചെലവ്- 147684<br>ബിൽ നം/തീയതി- 45/17/30-03-2017 | 130340.60 | 18899.39 | 149240 | G-1553/27 /03/17 |

വാണിജ്യ നികുതി വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്ഥാപനമായതിനാൽ ബില്ലുകൾ പ്രകാരം വാങ്ങിയ ഇനങ്ങളുടെ മൂല്യ വർദ്ധിത നികുതി സർക്കാരിലേയ്ക്ക് അടയ്ക്കാൻ സാധ്യതയില്ലെന്ന് വ്യക്തമായിട്ടും മുഴുവൻ തുകയും നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതുമൂലം സർക്കാരിന് 18899 രൂപയുടെ നഷ്ടമുണ്ടായി. തമ്പുരാൻകാലായിൽ എന്ന സ്ഥാപനം 8 ബി ഫോറത്തിലുള്ള ബില്ല് നൽകാതെ ഇപ്രകാരം നികുതിവെട്ടിപ്പ് നടത്തുന്നത് തുടർ നടപടികൾക്കായി വാണിജ്യ നികുതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചില്ല

2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ പ്രോജക്ടുകൾ പ്രകാരം അലോപ്പതി, ആയുർവേദ, ഹോമിയോ മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവയ്ക്കായി തുക അഡ്വാൻസായി നൽകിയെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | അഡ്വാൻസായി നൽകിയ തുക ബിൽ നം/ ചെക്ക് നം. | നാളിതുവരെ ലഭിച്ചത് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി 50/17, അടങ്കൽ- 600000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) | എം.ഒ, സി.എച്ച്.സി | മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ | 247000/ ബിൽ നം/തീ. 6/17-31.01.17 38260/- (8/17- 29/3/17) | - | 285260 |
| ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ 53/17 അടങ്കൽ- 255000 | എം.ഒ ആയുർവേദ ഡിസ്പെൻസറി | ഔഷധി, തൃശ്ശൂർ | 255000 (045367/19.12.2016) | 171130 | 83870 |
| ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, (എൻ.ആർ.എം) 42/17 അടങ്കൽ- 100000/ | ഗ്രാമപഞ്ചായത്ത്സെക്രട്ടറി | ഹോംകോ ആലപ്പുഴ | 100000 (24/17-31.01.17) | - | 100000 |
| | | ആകെ | 640260 | 171130 | 469130 |

തുക അഡ്വാൻസായി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങളും ലഭിക്കാത്തത് ബന്ധപ്പെട്ട സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നു. ആയതിനാൽ ഭരണ സമിതി ഇടപെട്ട് ഇവ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ODF പ്രോഗ്രാം-പ്രത്യേകഘടക പദ്ധതി ഫണ്ട് - ചെലവിനത്തിന് പകരമുള്ള സർക്കാർ ഫണ്ട് എസ്.സി.പി മേഖലയിൽ ചെലവഴിച്ചിട്ടില്ല.

സംസ്ഥാനത്തെ പൂർണ്ണമായും ODF (Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും പിന്നീട് സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് ഫണ്ട് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വതീയതി 27/08/16 പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 96 ഗുണഭോക്താക്കൾക്ക് സാനിട്ടേഷൻ യൂണിറ്റ് അനുവദിക്കുന്നതിനായി ഒന്നിന് 15400 എന്നക്രമത്തിൽ 1478400/ രൂപ പ്രത്യേകഘടക പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. ഇതിന് പകരമായി ശുചിത്വമിഷൻ മുഖേന സ്വച്ച് ഭാരത് മിഷൻ ഫണ്ടിനത്തിൽ ചുവടെ ചേർക്കുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | ചെക്ക് നമ്പർ/ തീയതി | ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 647178/ | 8906/22.12.16 | 28/12/16 |
| 2 | 535486 | 9187/16.03.17 | 21.03.17 |
| ആകെ | 1182664 | | |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1182664/ രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന എസ്.ബി.റ്റി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക ഉപയോഗിച്ച് എസ്.സി.പി മേഖലയിൽ 2016-17 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 2017-18 വർഷത്തെ ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതിയിലും ഈ ഫണ്ട് വകയിരുത്തിയിട്ടില്ല. ഐ.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകിയ 17 എസ്.സ്.പി വിഭാഗം ഗുണഭോക്താക്കൾക്ക് അധിക ധനസഹായമിനത്തിൽ 425000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടിയിരുന്നു. എന്നാൽ 81734/- രൂപ മാത്രമാണ് 2016-17 വർഷം നൽകിയത് മാത്രമല്ല 2016-17ൽ പി.എം.എ.വൈ പദ്ധതിയിൽ എസ്.സി.പി വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചുവെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം നാളിതുവരെ നൽകിയിട്ടില്ല. ആയതിനാൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരമായി ലഭിച്ച ഫണ്ടുപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ബിൽ പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ

ഐ.എഫ്.എം.എസ് (Integrated Financial Management System) ആരംഭിച്ചതിനെ തുടർന്ന് ട്രഷറിയിൽ നിന്നും ഗുണഭോക്താക്കൾക്ക് ഡയറക്ട് ഫണ്ട് ട്രാൻസ്ഫർ ബുദ്ധിമുട്ടായതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വി.ഇ.ഒയുടെ പേരിൽ എസ്.ബി.റ്റിയിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരുന്നു(കറന്റ് അക്കൗണ്ട്). വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഈ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. എന്നാൽ പി.എം.എ.വൈ, ഐ.എ.വൈ അധിക വിഹിതം എന്നീ പ്രോജക്ടുകൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി നൽകിയെങ്കിലും തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ആയിരുന്നില്ല. തുക ട്രാൻസ്ഫർ ചെയ്തു നൽകുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകാത്തതിനാൽ ഇതിൽ തുടർ നടപടികളുണ്ടായില്ല. ഓഡിറ്റിന്റെ ഭാഗമായി ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങിയപ്പോഴാണ് തുകകൾ ബാങ്ക് അക്കൗണ്ടിൽത്തന്നെ ശേഷിക്കുകയാണന്ന് വ്യക്തമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|
| പി.എം.എ.വൈ(ജനറൽ) ഗ്രാമപഞ്ചായത്ത് വിഹിതം | 40000/<br>17/2017 തീ.3/3/17 | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 3/3/17-ൽ വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് വന്നു. 07/03/17ന് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി പിൻവലിച്ചുവെങ്കിലും അന്നുതന്നെ തുക ക്രഡിറ്റിൽ വന്നിട്ടുണ്ട്. |
| ഐ.എ.വൈ അധിക വിഹിതം | 81734/<br>25/2017 തീ.30/03/17 | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 30/3/17-ൽ വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് വന്നു. |

| | | |
|---|---|---|
| | | 12/04/17ന് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി പിൻവലിച്ചുവെങ്കിലും 13/04/17ന് തുക ക്രഡിറ്റിൽ വന്നിട്ടുണ്ട്. |

തുകകൾ അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ അനുമതികൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും 27/1/17-ലെ 6/2017/ഫിൻ സർക്കുലറിലെ നിർദ്ദേശ പ്രകാരം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 തെരുവുവിളക്കുകളുടെ പരിപാലനം-പ്രതിവർഷം 7.75 ലക്ഷം രൂപ ചെലവ്

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഓഡിറ്റ് വർഷവും പൂർത്തിയായില്ല. ഇക്കാരണത്താൽ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് തുടർന്ന് വരുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 29.07.2015-ൽ (പ്രോജക്ട് നം SO 26/2016 ) പ്രകാരം 381600/-രൂപ കെ.എസ്.ഇ.ബി. പന്തളം ഇലക്ട്രിക്കൽ ഡിവിഷനിൽ അടച്ചിട്ടുണ്ട്. തുക കൈമാറി 2 വർഷം കഴിഞ്ഞിട്ടും മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പോലും പൂർത്തിയായിട്ടില്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പ്രതിവർഷം 7,75392/-രൂപ പഞ്ചായത്തിന് ചെലവാകുന്നുണ്ട്. പ്രവർത്തിക്കാത്ത തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നാളിതുവരെയും നടത്തിയിട്ടില്ല. നിലവിൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ എല്ലാം തന്നെ C.F.L ലേക്ക് മാറുകയും വളരെ കുറച്ച് ലൈറ്റുകൾ മാത്രം പ്രവർത്തിപ്പിക്കുന്നതിന് ടി തുക കൂടുതലാണെന്ന് പഞ്ചായത്ത് കമ്മറ്റി വിലയിരുത്തുകയും ചെയ്തിട്ടുണ്ട് (27.08.2016 ലെ VI(4) നമ്പർ തീരുമാനം). ഈ സാഹചര്യത്തിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കി പഞ്ചായത്തിന്റെ അധികച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്ത സാഹചര്യത്തിൽ 27.08.2016 ലെ VI(4) നമ്പർ തീരുമാനപ്രകാരം 2016 ഡിസംബർ മാസം മുതലുള്ള വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഒടുക്കുന്നില്ല. ഈ ഇനത്തിൽ 2017 മാർച്ച് 31ന് 2,61,716/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

## 3-9 പഞ്ചായത്ത് മുഖേനയുള്ള ടാർ വാങ്ങൽ സംബന്ധിച്ച്

താഴെ പറയുന്ന പ്രവൃത്തികൾക്കായി കരാർ ചമച്ച കരാറുകാർ ആവശ്യപ്പെട്ടതിനെ തുടർന്ന് സർക്കാർ ഉത്തരവിന് (01.03.17 ലെ സ.ഉ (സാധാ) നം.564/17/തസ്വഭവ) അനുസൃതമായി ബിറ്റുമിൻ, എമൽഷൻ എന്നിവ ബി.പി.സി.എൽ, ഹിൻകോൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

ബി.പി.സി.എലിൽ തുക അധികം ഒടുക്കി

| ക്രമ നം | പ്രോജക്റ്റ് നം,പേര് | കരാറുകാരന്റെ പേര്,കരാർ തീയതി | SS1ഇമൽഷൻ | | RS1 ഇമൽഷൻ | | S65 ബിറ്റുമിൻ | |
|---|---|---|---|---|---|---|---|---|
| | | | അളവ് (kg) | തുക | അളവ് (kg) | തുക | അളവ് (kg) | തുക |
| 1 | 67/17കരുകുഴിക്കാവ് പീടികയിൽ റോഡ് ടാറിംഗ് | വിനോദ് കുമാർ/ 16.02.17 | 419 | 15084 | 136 | 4686 | 1039 | 34250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 69/17തോന്നവേലിൽ പടി പാമ്പുപാലം റോഡ് റീടാറിംഗ് | വിനോദ് കുമാർ/ 16.02.17 | | | 219 | 7546 | 1678 | 55328 |
| 3 | 68/17ചാക്കമണ്ണിൽ പടി നിർമ്മൽഭവൻ പടി റോഡ് ടാറിംഗ് | ആർ. സുരേന്ദ്രൻ/ 02.03.17 | 408 | 14688 | 132 | 4548 | 1013 | 33401 |
| 4 | 70/17കരിങ്ങതിൽ വൈദിക സദനം റോഡ് ടാറിംഗ് | ആർ.സുരേന്ദ്രൻ/ 16.02.17 | 1000 | 36001 | 324 | 11164 | 2482 | 81838 |
| 5 | 72/17കോയിപ്പലേത്ത് ഞവരക്കൽ റോഡ് ടാറിംഗ് | ആർ.സുരേന്ദ്രൻ /02.03.17 | 554 | 19945 | 180 | 6202 | 1385 | 45337 |
| | ആകെ | | 2381 | 85718 | 991 | 34144 | 7587 | 250162 |

എസ്റ്റിമേറ്റിൽ ബിറ്റുമിന്ന വകയിരുത്തിയ 370018 രൂപ (ബിൽ ക്രമ നം.18,19,20,21,22/24.03.17) റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള (ബിറ്റുമിന്റെ അധിക തുക കരാറുകാരിൽ നിന്നും ഈടാക്കിയത് ഉൾപ്പെടെ) 461668 രൂപയും (വൗച്ചർ നം. 21600844/28.03.17) സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ ബിൽ പ്രകാരം അകെ തുക 441745 രൂപയാണ്.

| സ്ഥാപനത്തിന്റെ പേര് | ഒടുക്കിയ തുക | ബിൽ പ്രകാരമുള്ള തുക |
|---|---|---|
| ബി.പി.സി.എൽ | 305093 | 246369(49ബാരൽ) |
| | | 38829 (13 ബാരൽ) |
| ഹിൻകോൾ | 156575 | 156547 (6ബാരൽ) |
| ആകെ | 461668 | 441745 (68 ബാരൽ) |

ബിൽ പ്രകാരമുള്ള തുകയേക്കാൾ 19923 രൂപ (461668 – 441745) അധികമായി ബി.പി.സി.എലിൽ നിൽക്കുന്നു. ബി.പി.സി.എലിൽ നിലനിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

മൂന്ന് മരാമത്ത് പ്രവൃത്തികൾ ഇതേ വരെയും ആരംഭിച്ചിട്ടില്ല

5 പ്രവർത്തികൾക്കായാണ് ബിറ്റുമിൻ വാങ്ങി നൽകിയത്. ഇതിൽ 2 പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ക്രമനം. 3,4,5 പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ക്രമ നം. 1,2 എന്നീ പ്രവൃത്തികൾക്കായി ആകെ 22 ബാരലുകൾ കരാറുകാരന് നൽകിയിട്ടുണ്ട്. ബാലൻസ് 46 ബാരലുകൾ (31+4+11) പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 16-17 സാമ്പത്തിക വർഷം കരാർ ചമച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

എ) പൂർത്തീകരണ കാലയളവ് ഉൾപ്പെടുത്തി ടെണ്ടർ ചമയ്ക്കുന്നില്ല

ടെണ്ടർ ഷെഡ്യൂൾ, കരാർ എന്നിവയിലൊന്നും തന്നെ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പല പ്രവൃത്തികളും യഥാസമയം പൂർത്തീകരിക്കുന്നില്ല. ടെണ്ടർ നോട്ടീസിൽ 3 മാസം എന്ന് രേഖപ്പെടുത്തുന്നുണ്ടെങ്കിലും കരാർ ഉടമ്പടിയിൽ പൂർത്തീകരണ കാലയളവ് ഉൾപ്പെടുത്താതതിനാൽ പ്രവൃത്തികൾ വൈകുന്നു.

ഉദാ. പാറയിൽ പടി ചെമ്പാലമണ്ണ് കോളനി റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തിക്ക് കരാർ ചമച്ചിരിക്കുന്നത് 04.03.16 ലാണെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 02.02.2017 ലാണ്.

ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല

പൊതുമരാമത്ത് വകുപ്പിന്റെ 01.02.12 ലെ ജി.ഒ (പി)13/2012 നം ഉത്തരവിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താതെയാണ് 2016-17 സാമ്പത്തിക വർഷവും കരാർ ചമച്ചിരിക്കുന്നത്. കാലാവധി ദീർഘീകരണം, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ

എന്നിവയെല്ലാം പഴയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ ചമയ്ക്കേണ്ടതാണ്.

പൊതുമരാമത്ത് പ്രവൃത്തികളിൽ പുതുക്കിയ പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതും പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കേണ്ടതുമാണ്.

## 3-11 സേവന നികുതിയിനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്നത് 1.04ലക്ഷം രൂപ

2016-17 വർഷം കെട്ടിട നിർമ്മാണം, കെട്ടിട അറ്റകുറ്റപ്പണി എന്നിവയുടെ ബില്ലിൽ നിന്നും പിൻവലിച്ചിട്ടുള്ള സേവന നികുതി ഇനത്തിലുള്ള 104007രൂപ അസി.എഞ്ചിനീയറുടെ ട്രഷറി എസ്.ബി അക്കൗണ്ടിൽ ബാലൻസ് നിലനിൽക്കുന്നു. സേവന നികുതി യഥാവിധി ഒടുക്ക് വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 26/16 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് | 381600 | DD No. 627868, 62787029.07.15 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ ഡിവിഷൻ, പന്തളം | പൂർത്തീകരണ വിവരം ഇല്ല |
| 2 | 06/16 | പൈപ്പലൈൻ ദീർഘിപ്പിക്കൽ | 220000 | DD No. 421891, 421892/ 25.09.2015 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 3 | 99/16 | ഗവ.യു.പി.എസ്, പവലിയൻ വൈദ്യുതീകരണം | 223000 | വൗച്ചർനം. 21600835, 21600856/29.03.2017 | പി.ഡബ്ല്യു.ഡി (ബിൽഡിംഗ്) | പൂർത്തീകരണ വിവരം ഇല്ല |
| 4 | 75/16 | ഷീപാഡ് പദ്ധതി | 37270 | വൗച്ചർ നം 21600865/30.03.2017 | സംസ്ഥാന വനിത വികസന കോർപ്പറേഷൻ | പൂർത്തീകരണ വിവരം ഇല്ല |
| 5 | 39/16 | സ്മാർട്ട് ക്ലാസ്സ് റൂം വൈദ്യുതീകരണം | 140000 | വൗച്ചർ നം. 21600826/ 22.03.2017 | പി.ഡബ്ല്യു.ഡി (ബിൽഡിംഗ്) | പൂർത്തീകരണ വിവരം ഇല്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല

## 4-3 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര് | രസീത് നം |
|---|---|---|---|---|
| 2015-16 | 2-2 | 35548 | മാനേജർ,സെന്റ് ജോൺസ് സ്കൂൾ | 11603500044/24.03.2017 |
| 2015-16 | 2-4 | 77 | വി.എം.വേലു | 11603102432/16.03.2017 |
| 2015-16 | 2-4 | 112 | റ്റി.ജി.കോരുത് | 11603102475/18.03.2017 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-9 | 2011-12 | 3.2.9 | കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2011-12 | 3-10 | 2011-12 | 3.2.10 | റോഡുകളുടെ പേരും ദൈർഘ്യവും രേഖപ്പെടുത്താത്തത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2011-12 | 3-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2011-12 | 3-14 | 2011-12 | 3.2.14 | റോഡ് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 35227960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29673552 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | ശ്രീ.നിസാമുദ്ദീൻ, വി.ഇ.ഒ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-4 | 18899 | പി.ജെ രാജേഷ് കുമാർ, സെക്രട്ടറി |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നിസാമുദ്ദീൻ, വി.ഇ.ഒ | വി.ഇ.ഒ,ഉമ്പമൺ | അസ്സാ മൻസിൽ, പുലിയൂർവഞ്ചി കിഴക്ക്, തൊടിയൂർ(പി.ഒ), കരുനാഗപ്പള്ളി |

## **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-254/99 തീയതി:11.08.00/03.10.00 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി:25.03.02 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി:08.01.04/05.05.04 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി:16.09.06/05.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി4-466 /09തീയതി:08.09.09/09.08.10 |

| | |
|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി:28.08.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7-71/10 തീയതി:03.09.11 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി:04.10.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി:16.08.11 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി:06.11.11/04.12.12 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി:15.03.12/24.04.12 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി:08.04.14/10.11.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15തീയതി:08.6.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി11848 /16തീയതി:26.7.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ/പി11 /1360/16തീയതി:09.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# Annexure – 1

# CERTIFICATE

No.KSAPTA-P11./673 /2017 Dated 16.06.2017

Certified that I have examined the Annual Financial Statement of Thumpamon Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thumpamon Grama Panchayat for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

Habeeb Mohammed
Deputy Director
Kerala State Audit Department
Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.11/673/17 തീയതി 16.06.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട